# ആപത്തിന്റെ മണിമുഴക്കം

**കഴിഞ്ഞ** ഡിസംബർ 31-ന് രാത്രി ലോകമെങ്ങും നവവത്സരാഘോഷം പൊടി പൊടിക്കുമ്പോൾ, ഉത്തർപ്രദേശിലെ രാംപൂരിൽ സി.ആർ.പി.എഫ് ക്യാമ്പ് ആക്രമിക്കപ്പെട്ടു. ഏഴു ഭടന്മാരും പുറത്തുണ്ടായിരുന്ന ഒരു റിക്ഷാക്കാരനും മരിച്ചു. അക്രമികൾ -അവർ നാലുപേരുണ്ടായിരുന്നുവത്രെ- ഒരു പോറൽപോലും ഏൽക്കാതെ, ഒരു തെളിവും അവശേഷിപ്പിക്കാതെ രക്ഷപ്പെട്ടു. സംഭവം റിപ്പോർട്ട് ചെയ്ത റേഡിയോവും ചാനലുകളും പത്രങ്ങളുമെല്ലാം വിരൽചൂണ്ടിയത് ഭീകരവാദികളിലേക്കാണ്. ഭീകരവാദികളെന്നാൽ മുസ്‌ലിം ഭീകരന്മാർ തന്നെ. ലഷ്കറെ ത്വയ്യിബ തുടങ്ങിയ സംഘടനകളുടെയും ചില മുസ്‌ലിം യുവാക്കളുടെയും പേരുകൾ അവർ പരാമർശിക്കുകയും ചെയ്തു. സംഭവത്തിന്റെ കാരണം മറ്റെന്തെങ്കിലുമായിരിക്കാനുള്ള സാധ്യത അബദ്ധത്തിൽപോലും ആരും സൂചിപ്പിക്കുകയുണ്ടായില്ല. സെക്യൂരിറ്റി ഏജൻസികളും മദ്യത്തിലാറാടി നവവത്സരമാഘോഷിക്കുക പതിവാണ്. കുടിച്ചു ലക്കുകെട്ട ഭടന്മാർ പരസ്പരം ഏറ്റുമുട്ടാനുള്ള സാധ്യത തള്ളിക്കളയാവതല്ല. അല്ലെങ്കിൽ അവരോടു പകയുള്ള മറ്റാരെങ്കിലും അവസരം ഉപയോഗപ്പെടുത്തുകയെന്നതും വിദൂരമല്ല. പക്ഷേ, ഇസ്‌ലാമിക ഭീകരതയിലേക്കു മാത്രം വിരൽചൂണ്ടുന്നതിൽ പോലീസും സർക്കാറും പത്രങ്ങളും ഒറ്റക്കെട്ടായിരുന്നു. ജനമനസ്സ് മറ്റൊരു ദിശയിലേക്കും തിരിയാതിരിക്കത്തക്കവണ്ണം പ്രചണ്ഡമായിരുന്നു അവരുടെ പ്രചാരണം. ജനുവരി 3-ലെ *രാഷ്ട്രീയ സഹാറ*യുടെ ഉറുദു പതിപ്പിലെ ഒരു റിപ്പോർട്ട് മാത്രം ഉപരിസൂചിത സാധ്യതയിലേക്കുള്ള ചെറിയൊരു സൂചനനൽകി. ക്യാമ്പിനടുത്തള്ള വീട്ടിലെ സ്ത്രീ, അർധരാത്രി ക്യാമ്പിൽ പത്തുനാൽപതുപേർ ഏറ്റുമുട്ടുന്നതു കണ്ടുവെന്നു പറഞ്ഞതായും അവർ റിപ്പോർട്ടു ചെയ്തു. പക്ഷേ, *രാഷ്ട്രീയ സഹാറ*യുടെ ഹിന്ദി എഡിഷനിൽ ഈ വിവരമുണ്ടായിരുന്നില്ല. രണ്ടു റിപ്പോർട്ടുകളും *എസ്.എൻ.ബി* (സഹാറ ന്യൂസ് ബ്യൂറോ)യെ അവലംബിച്ചുള്ളതാണെന്ന് പറയുന്നുണ്ട് താനും.

കഴിഞ്ഞ ജനുവരി ആദ്യവാരത്തിൽ ഇടുക്കിയിൽനിന്ന് അൽതാഫ് അഹ്മദ്ഖാൻ എന്ന ഒരു കശ്മീരി കച്ചവടക്കാരനെ കേരളാ പോലീസ് സംശയിച്ച് അറസ്റ്റ് ചെയ്തു. തീവ്രവാദം, ഭീകരസംഘബന്ധം, കൊലപാതകം തുടങ്ങി നിരവധി കുറ്റങ്ങൾ പത്രങ്ങളും പോലീസും അയാളുടെപേരിൽ ഉന്നയിച്ചു. പക്ഷേ, അത്തരം കുറ്റങ്ങളൊന്നും അയാളുടെ പേരിലുള്ളതായി കശ്മീർ പോലീസ് പറയുന്നില്ല.

2008 ഫെബ്രുവരി 3-ന് കേരളത്തിലെ പാരമ്പര്യമുള്ള ഒരു ദേശീയ പത്രത്തിന്റെ ലീഡ് ന്യൂസ് 'കർണാടകയിൽ തീവ്രവാദിക്യാമ്പ്' എന്നായിരുന്നു. ന്യൂസിനോടൊപ്പം 'കലഘാട്ടി ഉൾവനത്തിൽ പ്രവർത്തിച്ചിരുന്ന തീവ്രവാദിക്യാമ്പ്' എന്ന അടിക്കുറിപ്പോടെ പച്ചക്കൊടി പാറുന്ന ഒരു ദർഗയുടെ പടവും ചേർത്തിരുന്നു. പിറ്റേന്ന് ആ പത്രത്തോടു മത്സരിക്കുന്ന മറ്റൊരു പ്രമുഖ പത്രവും വാർത്ത ആവർത്തിച്ചു. അത്തരം ക്യാമ്പുകളൊന്നും കർണാടക വനത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടില്ല എന്ന് പിന്നീട് കർണാടക പോലീസ് പറയുകയുണ്ടായി. നിഷേധം പക്ഷേ, ഈ രണ്ടു പത്രങ്ങളിലും കണ്ടില്ല.

മെഡിക്കൽ വിദ്യാർഥിയായ മുഹമ്മദ് ആസിഫ് എന്ന യുവാവിനെ തീവ്രവാദ ബന്ധം സംശയിച്ച് കർണാടക പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അയാൾക്ക് ജാമ്യമനുവദിക്കണം എന്നാവശ്യപ്പെട്ട് ഇസ്മാഈൽ ജാലിഗർ എന്ന അഭിഭാഷകൻ ഹരജി സമർപ്പിച്ചു. തീവ്രവാദിയുടെ വക്കാലത്തേറ്റെടുത്ത അഭിഭാഷകനെതിരെ 'രാമസേന' പ്രക്ഷോഭം തുടങ്ങിയിരിക്കുകയാണ്. ജാലിഗറിനെതിരെ നടപടിയെടുക്കാൻ ബാംഗ്ലൂർ അഭിഭാഷക സമൂഹം ഒരു സമിതി രൂപീകരിച്ചിരിക്കുന്നു. തീവ്രവാദികൾക്കുവേണ്ടി ഒരഭിഭാഷകനും കോടതിയിൽ ഹാജരായിക്കൂടാ എന്നാണത്രെ തീരുമാനം! അപരിചിതരായ മുസ്‌ലിംകളെ കണ്ടാൽ തീവ്രവാദം സംശയിച്ച് നാട്ടുകാർ പിടിച്ച് പോലീസിൽ ഏൽപിക്കുന്ന ഒരു പ്രവണതയും കർണാടകയിലുളവായതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ഇന്ത്യയുടെ ദക്ഷിണ പൂർവ പ്രദേശങ്ങളിലെ നക്സലൈറ്റ് ആക്രമണങ്ങളൊഴിച്ച് രാജ്യത്തെവിടെയുമുണ്ടാകുന്ന ഏത് അനിഷ്ടസംഭവത്തിന്റെയും ഉത്തരവാദികൾ മുസ്‌ലിം ഭീകരരാണെന്ന് ഒറ്റക്കെട്ടായി ഘോഷിക്കാനും, സംശയിക്കുന്ന ഏതു മുസ്‌ലിമിനെയും കൊടും ഭീകരനായി ചിത്രീകരിച്ച് ജാമ്യമില്ലാ തടവിലിടാനും സർക്കാറും പോലീസും പത്രങ്ങളും ദൃഢനിശ്ചയമെടുത്തതുപോലെയാണ് തോന്നുന്നത്. വെറുതെ ഒരു ഊഹം പറയുകയല്ല. മാലിഗാവ്-ഹൈദരാബാദ് മസ്ജിദുകൾ, അജ്മീർ ദർഗ തുടങ്ങിയ നിരവധി സ്ഥലങ്ങളിലുണ്ടായ സ്ഫോടനങ്ങൾക്കുശേഷംവന്ന പ്രസ്താവനകളും വാർത്തകളും പരിശോധിച്ചു നോക്കുക. മസ്ജിദ് ധ്വംസിക്കുകയും അതിൽ ഊറ്റം കൊള്ളുകയും ഇനിയും ഏറെ മസ്ജിദുകൾ തകർക്കുമെന്ന് ഭീഷണി മുഴക്കുകയും ചെയ്യുന്ന സംഘടനകളിലൊന്നിനെയും ഈ സംഭവങ്ങളിൽ ആരും സംശയിച്ചില്ല. ഇന്ത്യാരാജ്യത്തെ ശിഥിലീകരിക്കാൻ ഇസ്‌ലാം കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ് എന്ന ഉറച്ച മനോഭാവം പത്രങ്ങളുടെയും പോലീസിന്റെയും ഭാഷ്യങ്ങളിൽ നിഴലിക്കുന്നതു കാണാം. ജനമനസ്സുകളെ മലിനീകരിക്കുന്നതിൽ ഫാഷിസ്റ്റു ശക്തികൾ വലിയൊരളവോളം വിജയിച്ചുകഴിഞ്ഞിരിക്കുന്നു. ഫാഷിസത്തിന്റെ സ്വാധീനത്തിൽ പെട്ട സമൂഹവും ഭരണകൂടവും മീഡിയയും ചേർന്നുയർത്തുന്ന ത്രിമുഖമായ ഒരു വെല്ലുവിളിയാണിത്. മുസ്‌ലിം നേതൃത്വത്തിന് ജീവനുണ്ടെങ്കിൽ അതു നേരിടാൻ സന്ദർഭത്തിനൊത്തുയർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സങ്കീർണമായ ഒരു സ്ഥിതിവിശേഷത്തിലേക്കാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. കൈവിട്ടുപോയാൽ സുരക്ഷയുടെയും നിയമവാഴ്ചയുടെയും പ്രശ്നങ്ങൾ ഉയർന്നുവരും. സാമൂഹിക വിരുദ്ധരും ക്രിമിനലുകളും മറ്റുതൽപര കക്ഷികളും അവസരം മുതലെടുക്കും. ഇപ്പോഴീതീക്കളി തുടങ്ങിയവർക്കുപോലും പിന്നീടതു നിയന്ത്രിക്കാനാവില്ല. രാഷ്ട്രീയ എതിരാളികൾ തമ്മിലുണ്ടാകുന്ന പകപോക്കലുകളും മാഫിയാ പ്രവർത്തനങ്ങളുമെല്ലാം ഇസ്‌ലാമിക ഭീകരതകളായി മാറും.

ഇതവസാനിപ്പിക്കാൻ മുസ്‌ലിം നേതൃത്വം മാത്രമല്ല, സമാധാനവും സാഹോദര്യവും ആഗ്രഹിക്കുന്ന എല്ലാവരും ഒരുമിച്ചിരുന്നു ക്രിയാത്മകമായ മാർഗങ്ങൾ ആരായേണ്ട സന്ദർഭമാണിത്. ■